അവതാരിക

# നന്മയുടെ തെളിനീരൊഴുകുന്ന പുഴ

ജി. കാർത്തികേയൻ
(കേരള നിയമസഭാ സ്പീക്കർ)

മഹത്തുക്കളെ സ്മരിക്കുക എന്നത് നമ്മുടെ സുകൃതമാണ്. അവരെ സ്മരിക്കുന്നതിലൂടെ നാം ശുദ്ധരാവാൻ ശ്രമിക്കുകയാണ്. മിക്ക കാര്യങ്ങളിലും നാം അജ്ഞരാണ്. പക്ഷേ, എല്ലാമറിയാവുന്നവരെപ്പോലെ നാം കാലം കഴിക്കുന്നു. കാലം മാറുന്നതോടെ നാം നമ്മുടെ തന്നെ ചരിത്രം ഓർക്കാതെയാവുന്നു. ജീവിതത്തിൽ നാം എന്തു ചെയ്തു, എന്തു നേടി എന്ന് നാം പിന്നീടൊരിക്കലും ആലോചിക്കുന്നില്ല. അങ്ങിനെയുള്ള ആലോചനകളും മറ്റ് തരത്തിലുള്ള ചിന്തകളും നമ്മെ വല്ലപ്പോഴുമെങ്കിലും മഥിക്കേണ്ടതല്ലേ? തികഞ്ഞ അജ്ഞതയിൽ ജീവിക്കുന്ന നാം മഹാന്മാരുടെ സ്മരണയിലൂടെ നമ്മുടെ തന്നെ ജീവിതവും സ്മരിക്കുമ്പോഴാണ് അജ്ഞതയുടെ താഴ്‌വാരത്തിന്റെ ആഴം കുറയുന്നത്. നമ്മെ വിസ്മയിപ്പിക്കുന്ന അനേകം നക്ഷത്രങ്ങൾ നമുക്കു ചുറ്റുമുണ്ട്. പലതിന്റെയും വെളിച്ചം പക്ഷേ നാം ഉൾക്കൊള്ളുന്നില്ല എന്നതാണ് സത്യം. നക്ഷത്രങ്ങളുടെ ക്ഷണിക ജീവിതവും വിസ്മയമായിതീരുന്ന പ്രകാശവും നാം ഇന്നുകാണുന്നതിന്റെ എത്രയോനാൾ മുമ്പ് നമ്മെ തേടിയിറങ്ങിയതാണ്. നാം അവ അനുഭവിക്കുന്നത് ഇന്നുമാത്രമാണ്. എങ്കിലും അതാരംഭിച്ചത് എത്രയോ കാതം അകലെനിന്നും എത്രയോ നാൾ അകലെനിന്നുമാണ്. ആ നൂറ്റാണ്ടുകളുടെ കഥകൾ നാം അവയെ അനുഭവിക്കുമ്പോൾ ഓർക്കാറുണ്ടോ? അത് ഓർക്കേണ്ടതല്ലേ?

പത്തൊമ്പതാം നൂറ്റാണ്ടിലെ സംസ്കാര ജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയ ചാവറയച്ചന്റെ ജീവിതം അത്തരമൊരു നക്ഷത്രാനുഭവമായി നമ്മെ എപ്പോഴും ആകർഷിക്കുന്നതാണ്. ആ സ്മരണ, പെട്ടെന്ന് മറക്കാനുള്ളതല്ല; ഒരിക്കലും മറക്കാതെ ഹൃദയത്തിൽ സൂക്ഷിക്കാനുള്ളതാണ്. സംസ്കാരത്തിന്റെ ഒരിക്കലും മായാത്ത ഹൃദയമുത്തുകൾ സമ്മാനിച്ച അദ്ദേഹത്തിന്റെ സ്മരണ

നമ്മുടെ ജീവിതത്തെ ധന്യമാക്കണം. ആ സ്മരണ ഓർത്തുവെക്കുന്നതുതന്നെ നമുക്ക് അഭിമാനമാണ്. ചാവറ അച്ചന്റെ ജീവിതത്തിന്റെ വെളിച്ചം നമുക്കെന്നും, എപ്പോഴും, കാത്തുവെക്കാനുള്ള സംസ്കാരത്തിന്റെ സ്പർശമണികളാണ്.

ഭാരതീയദർശനത്തിൽ അധിഷ്ഠിതമായിരുന്നു പ്രവർത്തനങ്ങൾ എല്ലാം എന്നതാണ് ചാവറ അച്ചന്റെ പ്രത്യേകത. നമ്മുടെ നിസ്സാരത ഏറ്റവുമേറെ പറയുന്നത് ഭാരതീയദർശനങ്ങളിലാണ്. ഇത് മനസ്സിലാക്കാതെയാണ് നാം മതത്തിന്റേയും ജാതിയുടെയും സംസ്കാരത്തിന്റേയുമൊക്കെ പേരിൽ തമ്മിൽ തല്ലുന്നത്. ഈ ദർശനത്തിന്റെ സാക്ഷാത്കാരത്തിനായി പ്രവർത്തിച്ചതിലൂടെ ആത്മീയ ചൈതന്യം വാർത്തെടുത്ത ചാവറ അച്ചന്റെ പ്രവർത്തനങ്ങൾ അതുകൊണ്ടുതന്നെ വ്യത്യസ്തമായി. മനുഷ്യന്റെ നിസ്സാരത യുടെ ദർശനം നാം എപ്പോൾ മനസ്സിലാക്കുന്നുവോ അപ്പോഴേ നാം നമ്മുടെ ജീവിതം മനസ്സിലാക്കുകയുള്ളൂ. യഥാർത്ഥ അർത്ഥം മനസ്സിലാക്കാതെയുള്ള ജീവിതമാണ് മനുഷ്യ ജന്മം നയിക്കുന്നത്. അത് നാം എന്തുകൊണ്ടോ ചിന്തിക്കുന്നതുമില്ല, കാണുന്നതുമില്ല. ഈ സത്യം കണ്ടെത്താൻ ശ്രമിക്കാതെയുള്ള ഒരു നിമിഷവും നമ്മെ എവിടെയും കൊണ്ടുചെന്നെത്തിക്കുന്നില്ല.

മതങ്ങളുടെ മഹനീയമായ സാംസ്കാരിക സത്ത പരസ്പരം കൈമാറുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതിലൂടെ മനുഷ്യനെ മനുഷ്യനാക്കാൻ സാധിക്കും. ഇത് സാധിക്കുന്നില്ല എന്നിടത്താണ് മതങ്ങൾ പരാജയപ്പെടുന്നത്. ഓരോരുത്തരും അവരവരുടെ കളങ്ങളിൽ നിന്നും പുറത്തുകടക്കാൻ കൂട്ടാക്കുന്നില്ല. തങ്ങൾ വരച്ച കളങ്ങളാണ് സത്യമെന്നും യാഥാർത്ഥ്യമെന്നും അവർ കരുതുകയും ചെയ്യുന്നു. ചാവറ അച്ചന്റെ പ്രത്യേകത ഇവിടെയാണ്. മാനവികതയുടെ മുദ്രചാർത്തിയ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. മനുഷ്യകുലത്തിനു വേണ്ടി സദാ പ്രാർത്ഥനാനിർഭരമായ ഒരു ജീവിതം നയിച്ച അദ്ദേഹം നമ്മളിൽ അത്ഭുതം സൃഷ്ടിക്കുന്നു. സാമൂഹിക അനാചാരങ്ങളുടെ കൂത്തരങ്ങായിരുന്ന സമൂഹത്തിനെ അത്തരം ആചാരങ്ങളിൽ നിന്നും രക്ഷിക്കാൻ അദ്ദേഹം നിതാന്തപരിശ്രമം നടത്തി. വിപ്ലവകരമായ ഒരു ജീവിതമായിരുന്നു അത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇതൊക്കെ സാധിക്കുമായിരുന്നുവോ എന്ന് നാം ഇപ്പോൾ അത്ഭുതം കൂറുകയും ചെയ്യുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ സാംസ്കാരിക സാമൂഹ്യാവസ്ഥ നമുക്കിന്ന് ഊഹിക്കാൻ പറ്റാത്തതാണ്. എല്ലാ മതങ്ങൾക്കും സംസ്കാരത്തിന്റേതായ സാമൂഹ്യ സവിശേഷതകളുണ്ട്. മതങ്ങൾ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളിലൂടെ സംസ്കാരം സ്വാർത്ഥകമാകേണ്ടതുണ്ട്. ഇത്തരം സാർത്ഥകമായ സാംസ്കാരിക ചലനങ്ങൾ

ഏറ്റെടുത്തുകൊണ്ട് ഒരു സമൂഹത്തെ ഒന്നാകെ മുന്നോട്ട് നയിച്ചു എന്നതാണ് ചാവറയച്ചന്റെ പ്രസക്തമായ ദൗത്യം. ഇത്തരം ആത്മീയ മായ സുഗന്ധം പ്രസരിപ്പിച്ചതിലൂടെ അദ്ദേഹം ഉയർന്നു നില്ക്കുന്ന വ്യക്തിത്വമായി മാറുന്നു. തന്റെ സന്ദേശങ്ങളിൽ നിന്നും ഈ സുഗന്ധം നിറക്കാൻ അദ്ദേഹത്തിന് സാധിച്ചു. ആത്മീയതയുടെ ഏകീഭാവം ചാവറയച്ചന്റെ പ്രവർത്തനങ്ങളിൽ നിറഞ്ഞു നിന്നു. ഇതിന് ദൃഷ്ടാന്തമാണ് സംസ്കൃത ഭാഷ പഠിക്കാനും പഠിപ്പിക്കാനും അദ്ദേഹം കാണിച്ച ഉത്സാഹം. ഭാരതത്തിന്റെ വേദങ്ങളും ഇതിഹാസങ്ങളും ഉപനിഷത്തുകളും സംസ്കൃത ഭാഷയിലാണല്ലോ രചിക്കപ്പെട്ടിട്ടുള്ളത്. സംസ്കൃതം പഠിക്കുന്നതിലൂടെ ഇതെല്ലാം സ്വായത്തമാക്കാൻ ജനത്തിന് കഴിയും എന്നദ്ദേഹം വിശ്വസിച്ചു. അങ്ങിനെ വേദേതിഹാസങ്ങൾ നല്കിയ ദർശനപ്രകാശം എല്ലാവരും ഉൾക്കൊള്ളണമെന്നും അദ്ദേഹം ആഗ്രഹിച്ചു. അങ്ങിനെ, ഭാരതത്തിന്റെ യഥാർത്ഥ സംസ്കാരം ഉൾക്കൊള്ളുന്ന ജനതയിലൂടെ യാഥാർത്ഥ്യമായ ഒരു ജീവിതരീതി നിറയാൻ സാധിക്കട്ടെ എന്നും അദ്ദേഹം ആഗ്രഹിച്ചു. പാവപ്പെട്ടവനെന്നോ, താഴ്ന്ന ജാതിക്കാരനെന്നോ ഉള്ള വ്യത്യാസമില്ലാതെ എല്ലാ ജനവും ഒന്നാണെന്ന യാഥാർത്ഥ്യം ജനങ്ങളെ പഠിപ്പിക്കുന്നതിലൂടെ അദ്ദേഹം ഒരു യുഗപുരുഷനായി മാറുകയായിരുന്നു; നാം എപ്പോഴും ആരാധിക്കുന്ന, ആരാധിക്കേണ്ട യുഗപുരുഷൻ. അദ്ദേഹം നമ്മെ മനുഷ്യസ്നേഹവും ദൈവസ്നേഹവും പഠിപ്പിച്ചു. സാമൂഹിക അനാചാരങ്ങൾക്കെതിരെയുള്ള പ്രവർത്തനമാണ് ദൈവമതം എന്നദ്ദേഹം കാണിച്ചുതന്നു.

തന്റെ ബഹുമുഖമായ പ്രവർത്തനത്തിലൂടെ ജനസമൂഹത്തിന് നന്മ പകരാൻ അദ്ദേഹത്തിന് സാധിച്ചു. *പള്ളിയോടൊപ്പം പള്ളിക്കൂട*വും സ്ഥാപിക്കണമെന്ന് അദ്ദേഹം കർശന നിർദ്ദേശം നല്കിയത് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇങ്ങിനെ *പള്ളിയോടൊപ്പം പള്ളിക്കൂടം* സ്ഥാപിക്കാത്തവർക്ക് പള്ളിമുടക്ക് കല്പിക്കുകയും ചെയ്തു അദ്ദേഹം. പള്ളിക്കൂടങ്ങളിൽ ദളിതർക്ക് പ്രവേശനം നല്കിയതും കോട്ടയം മാന്നാനത്ത് സംസ്കൃത വിദ്യാലയം സ്ഥാപിച്ചതും എടുത്തു പറയേണ്ട പരിഷ്ക്കാരങ്ങളാണ്. ഇവ കേരളീയ ക്രൈസ്തവ സഭകളുടെ ചരിത്രത്തിൽ മാത്രമല്ല, കേരള നവോത്ഥാന ചരിത്രത്തിലും സുപ്രധാനമായ ചലനം സൃഷ്ടിച്ചു. നവോത്ഥാനം നമ്മുടെ സംസ്കാരത്തിൽ സംഭവിച്ചത് ഇത്തരം മഹാരഥന്മാരുടെ ശ്രമഫലമായിരുന്നു എന്നത് മറക്കാനാവില്ല. അന്നത്തെ സാമൂഹിക അവസ്ഥയെപ്പറ്റി ആലോചിക്കുമ്പോഴാണ് ചാവറ അച്ചന്റെ മഹത്വം വർദ്ധിക്കുന്നത്. ദളിതർക്ക് വിദ്യാലയ പ്രവേശനമോ സഞ്ചാരസ്വാതന്ത്ര്യമോ ഇല്ലാതിരുന്ന കാലത്ത് ആർപ്പൂക്കരയിൽ അദ്ദേഹം ആരംഭിച്ച പ്രാഥമിക വിദ്യാലയത്തിൽ ദളിതർക്ക് പ്രവേശനം നല്കിയിരുന്നു.

ഭാരതീയതയുടെ വക്താവായിരുന്നു ചാവറ അച്ചൻ എന്ന് നാം അദ്ദേഹത്തിന്റെ ഓരോ ചലനത്തിലും കാണുന്നു. വിദേശ മിഷണറിമാരുടെ കീഴിലുള്ള സെമിനാരി വിദ്യാഭ്യാസത്തിൽ, തദ്ദേശീയ പൈതൃകം നഷ്ടപ്പെടരുതെന്ന് അദ്ദേഹം നിഷ്കർഷിച്ചു. നമ്മുടെ പ്രാചീന ഗുരുകുല രീതിയിലുള്ള ശിക്ഷണത്തെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ഇതിനായുള്ള ഒരു സെമിനാരിയും അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. സമൂഹനവീകരണം ലക്ഷ്യമാക്കി അദ്ദേഹം അച്ചടിശാലകൾ തുറന്നു. അതുവഴി തന്റെ രചനകളും തന്റെ സന്ദേശങ്ങളും അച്ചടിച്ച് പ്രസിദ്ധപ്പെടുത്താൻ അദ്ദേഹത്തിന് സാധിച്ചു. ദീർഘവീക്ഷണമുള്ള മഹാന്മാർക്കുമാത്രമേ ഇങ്ങിനെ ചെയ്യാൻ കഴിയുകയുള്ളൂ എന്നു നമുക്കറിയാം. പക്ഷേ, അദ്ദേഹം ഇതെല്ലാം ചെയ്തത് പത്തൊമ്പതാം നൂറ്റാണ്ടിലാണെന്നതാണ് പ്രധാനം. നമ്മുടെ സമൂഹം അന്ന് ഏതവസ്ഥയിലായിരുന്നു എന്നത് നമുക്കിന്ന് അറിയാം.

കേരളത്തിലെ ക്രൈസ്തവരുടെ തനിമയും വ്യക്തിത്വവും കാത്തുസൂക്ഷിക്കാൻ സാഹസികമായ യത്നം നടത്തിയത് ചാവറ അച്ചനായിരുന്നു. പാശ്ചാത്യ കത്തോലിക്കാ മാതൃകയിലുള്ള സഭയായി കേരളസഭയെ മാറ്റിയപ്പോൾ, നമ്മുടെ ഭാരതീയ ക്രൈസ്തവ പാരമ്പര്യം ഓർമ്മിപ്പിക്കാൻ അദ്ദേഹം മുൻപിൽ നിന്നു. അതിനുള്ള സെമിനാരികൾ അദ്ദേഹം സ്ഥാപിച്ചതും അത് ഇന്ന് നന്നായി നടക്കുന്നതും നമുക്കറിയാം.

സാഹിത്യത്തിലും ചാവറ അച്ചന്റെ സ്ഥാനം നാം തിരിച്ചറിയേണ്ടതുണ്ട്. കവിത, സഭാചരിത്രം, ആത്മീയ കൃതികൾ എന്നിങ്ങനെ നിരവധി കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. കാവ്യകൃതികളിൽ കാണുന്ന അപാരമായ കാവ്യബോധവും കാവ്യഭംഗിയും കാണാതിരുന്നുകൂടാ. ദീർഘകാവ്യമായ *ആത്മാനുതാപം* പ്രത്യേക ശ്രദ്ധയാകർഷിക്കുന്ന രചനയാണ്. ആ കാലഘട്ടത്തിലെ മറ്റ് ദീർഘകാവ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ കാവ്യത്തിന്റെ മഹത്വം ഏറുന്നതായി കാണാം. കാവ്യത്തിന്റെ നിതാന്തമായ ലക്ഷ്യം മനുഷ്യമനസ്സിന്റെ നന്മയായിരിക്കണം എന്നദ്ദേഹം വിശ്വസിച്ചു. അതിന്റെ താളക്രമം ആ കാവ്യങ്ങളിലെല്ലാം നമുക്ക് കാണാൻ കഴിയും. 4029 വരികളുള്ള *ആത്മാനുതാപം* 12 അധ്യായങ്ങളായി നമ്മുടെ ഉള്ളിലേക്ക് വഴിഞ്ഞിറങ്ങുന്ന കാവ്യമഴയായി മാറി. ഗദ്യകൃതികളും പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നവയാണ്. സമുദായ ചരിത്രമായ *നാളാഗമങ്ങൾ, ധ്യാനസല്ലാപങ്ങൾ* തുടങ്ങിയവ ശ്രദ്ധേയംതന്നെ. മലയാള സാഹിത്യത്തിൽ പദ്യത്തിന് മാത്രമായിരുന്നു അന്ന് സ്ഥാനം. ആ സമയത്താണ് ഗദ്യത്തിൽ ഇത്തരം രചനകൾ ഉണ്ടായത് എന്നും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. ഗദ്യ രചനാരംഗത്ത് അത് മാറ്റങ്ങൾക്ക് വഴിവെച്ചു. ക്രിസ്തീയകുടുംബങ്ങളിൽ ആചരിക്കേണ്ട ചട്ടങ്ങൾ എന്ന ഉപശീർഷകത്തിൽ രചിച്ച

*ചാവരുൾ* എന്ന ഗദ്യകൃതി, എല്ലാ വിഭാഗം കുടുംബങ്ങൾക്കും ആച രിക്കാവുന്ന തത്വങ്ങളാൽ സമൃദ്ധമാണ്. രചനകളിൽ, അദ്ദേഹം സ്വീകരിച്ചിട്ടുള്ള മൃദുത്വവും സാങ്കേതിക കാര്യങ്ങൾ ഉപയോഗിക്കു മ്പോൾ കാണിക്കുന്ന പുതുമയും എന്നും അനുകരിക്കാവുന്നവ യാണ്.

മാനവികതയുടെ മഹാരൂപമായിരുന്നു ചാവറ അച്ചൻ. മനുഷ്യ കുലം നിലനൽക്കേണ്ടത് മനുഷ്യത്വത്തിലൂന്നിയ വികാരങ്ങളിലാണ്. മനുഷ്യത്വത്തെ എപ്പോഴും ഉയർത്തിപ്പിടിച്ചയാളായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പ്രാർത്ഥന ജനനന്മക്കുള്ളതായിരുന്നു. അദ്ദേഹ ത്തിന്റെ എളിമയാർന്ന ജീവിതം ജനനന്മക്കുള്ളതായിരുന്നു. നന്മയുടെ തെളിനീരൊഴുകുന്ന പുഴയാണ് അദ്ദേഹത്തിന്റെ ധന്യജീവിതം. സാമൂഹിക അനാചാരങ്ങൾക്ക് ജാതി മത വ്യത്യാസമൊന്നും കല്പി ക്കേണ്ടതില്ല. അതിനാൽതന്നെ, അതിനെതിരെയുള്ള പ്രവർത്തന ങ്ങൾക്കും യാതൊരു വ്യത്യാസവുമില്ല. സമൂഹത്തിന്റെ സർവതോ ന്മുഖമായ വികാസം അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. സമൂഹ ത്തിൽ പ്രവർത്തിക്കുന്ന ഓരോരുത്തർക്കും അദ്ദേഹത്തെ മാതൃക യാക്കാവുന്നതാണ്. മനുഷ്യ സ്നേഹമാണ് ദൈവമതം എന്നദ്ദേഹം വിശ്വസിച്ചു. സ്നേഹത്തിന്റെ അതീതാനുഗ്രഹങ്ങളിലാണ് അദ്ദേഹം എപ്പോഴും ആശ്രയിച്ചിരുന്നത്. സാമ്പത്തിക സമത്വം, സ്ത്രീശാക്തീ കരണം തുടങ്ങി ഇന്ന് നാം ചർച്ചചെയ്യുന്ന പല കാര്യങ്ങളും അദ്ദേഹം അന്നേ ചർച്ചക്ക് കൊണ്ടുവന്നിരുന്നു. സമൂഹം താളനിബദ്ധവും സ്നേഹ നിബദ്ധവുമാക്കാനുള്ള ശ്രമങ്ങൾക്ക് അദ്ദേഹം എപ്പോഴും മുൻപന്തിയിലുണ്ടായിരുന്നു.

മഹത്തുക്കളെ സ്മരിക്കുന്നതിലൂടെ, നമ്മൾ ആ വെളിച്ചത്തിന്റെ മഹത്വം മനസ്സിലാക്കുകയാണ്. നമ്മുടെ സംസ്കൃതിയിൽ നവോ ത്ഥാനയജ്ഞത്തിന്റെ മുന്നണിയിൽ നിന്ന അദ്ദേഹത്തിന്റെ സ്മരണ യിലൂടെ നമ്മൾ ചെന്നെത്തുന്നത് ആ മഹത്തായ പാതകളിലെ വെളിച്ചം കാണാനാണ്. വെളിച്ചം പകരുന്ന ജീവിതത്തിലേക്കും പ്രവർത്തനങ്ങളിലേക്കും വഴിതുറക്കുന്ന ലേഖനങ്ങളിലൂടെ നമുക്ക് സഞ്ചരിക്കാം. വീണ്ടും വീണ്ടും സഞ്ചരിക്കാം. ഈ സഞ്ചാരം നമ്മെ കൊണ്ടെത്തിക്കുന്നത് സ്നേഹത്തിന്റേയും സമത്വത്തിന്റേയും താളം കലർന്ന നിമിഷത്തിലാണ്. നമുക്ക് കാത്തുവെക്കാൻ, ഓരോർമ്മ യാണ് ചാവറ അച്ചൻ. ആ വെളിച്ചത്തിനു മുന്നിൽ ആദരവിന്റെ പുഷ്പങ്ങൾ സമർപ്പിക്കുന്നു. സുകൃതം സ്മര സാർത്ഥകമാകട്ടെ.

■